LIBRARY ARCHIVES Kerala Legislative Assembly

നഗര ജലവിതരണം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി

265 (1011) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര ജലവിതരണം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി പ്രകാരം തലസ്ഥാന നഗരത്തിലും കൊച്ചിയിലും സദാസമയം കുടിവെള്ളം ലഭ്യമാക്കാൻ എ.ഡി.ബി. സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 7-2-2020-ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റിനെ നിയമിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി താൽപര്യപത്രം (Expression of Interest) ക്ഷണിച്ച്, ചുരുക്കപ്പട്ടികയിൽപ്പെടുത്തിയ വിദഗ്ധരിൽ നിന്നും ടെക്നിക്കൽ പ്രൊപ്പോസലുകളും ഫിനാൻഷ്യൽ പ്രൊപ്പോസലുകളും സ്വീകരിക്കുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന് (RFP), ADB-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കൊച്ചി നഗരത്തിലെ വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുള്ള നിർമ്മാണ കരാറിന്റെ ദർഘാസ് ക്ഷണിക്കുന്നതിനായി, കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ദർഘാസ് പ്രമാണങ്ങൾക്ക് ADB-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇവയ്ക്ക് അന്തിമ അനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) തിരുവനന്തപുരം നഗരത്തിലെ ജലവിതരണ സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിക്കുന്നത് സാധ്യമായിട്ടുണ്ടോ; ജല ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തലസ്ഥാന നഗരിയിലേയ്ക്കുള്ള കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സാണ് പേപ്പാറ ഡാം. പുതിയ അമൃത് പദ്ധതിയുടെ ശുദ്ധീകരണശാലകൂടി പ്രവർത്തനം ആരംഭിച്ചപ്പോൾ പ്രതിദിനം 375 ദശലക്ഷം ലിറ്റർ ജലമാണ് പേപ്പാറയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കരയിലെത്തിച്ച് ശുദ്ധീകരിച്ച് നഗരത്തിലെത്തിക്കുന്നത്. വേനലിൽ പേപ്പാറയിൽ ജലം താഴുമ്പോൾ തലസ്ഥാനത്ത് ജലക്ഷാമം രൂക്ഷമാകാറുണ്ട്. പേപ്പാറ ഡാമിന്റെ ജലനിരപ്പ് അതിന്റെ മുഴുവൻ സംഭരണശേഷിയായ 110.5 മീറ്ററായി ഉയർത്തിയാൽ മാത്രമേ വേനൽക്കാലത്തുൾപ്പെടെ തലസ്ഥാനനഗരിക്ക് ആവശ്യത്തിനുള്ള ജലലഭ്യത ഉറപ്പാക്കാൻ കഴിയൂ. ജലനിരപ്പ് ഉയർത്തുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി "പരിവേഷ്" എന്ന ഓൺലൈൻ പോർട്ടലിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റിന്റെയും സ്ഥലപരിശോധന, വൈൽഡ് ലൈഫ് ഇമ്പാക്ട് പഠനം എന്നിവ പൂർത്തീകരിച്ച് അനുവാദത്തിനായുള്ള തുടർ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജലശുദ്ധീകരണ ശാലയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 86 MLD പ്ലാന്റ് 96 MLD ആയി ഉയർത്തുകയും 74 MLD പ്ലാന്റ് 83 MLD ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 75 MLD പ്ലാന്റിന്റെ പുതിയ ശുദ്ധീകരണശാലയുടെ പ്രവർത്തനം 2021-ൽ ആരംഭിച്ചിട്ടുണ്ട്.

(സി) കുടിവെള്ള കണക്ഷനുകൾ കാലവിളംബമില്ലാതെ ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരാതികൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിനുമുൾപ്പെടെയുള്ള ഉപഭോക്തൃ സേവനം കാര്യക്ഷമമാക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്താനായിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

നിലമ്പൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

266(1012) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ജൽജീവൻ മിഷനിലെ ഏതെങ്കിലും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ ജൽജീവൻ മിഷനിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും ജൽജീവൻ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള ലഘുവിവരങ്ങളും മേൽ സമർപ്പണങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.